**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - തദ്ദേശസ്വയം ഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഒന്നാം ഗ്രേഡ് ഓവർസീയർ ശ്രീ. വി.എ.ഷാനവാസ്, രണ്ടാം ഗ്രേഡ് ഓവർസീയർ ശ്രീ. സി. സുലൈമാൻ എന്നിവരെ പൊതുമരാമത്ത് വകുപ്പിൽ തിരികെ പ്രവേശിപ്പിച്ച ഉത്തരവ് റദ്ദ് ചെയ്തു കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യൂ) വകുപ്പ്**

സ.ഉ. (സാധാ) നം. 478/2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 16.02.2018

---

പരാമർശം:- സ.ഉ.(സാധാ) നം.820/2015/തസ്വഭവ തീയതി 20.03.2015.

**ഉത്തരവ്**

പൊതുമരാമത്ത് വകുപ്പിൽ നിന്നും നിർബന്ധിത പുനർവിന്യാസം വഴി തദ്ദേശസ്വയം ഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ജോലിയിൽ പ്രവേശിച്ച കോഴിക്കോട് കോർപ്പറേഷനിലെ ഒന്നാം ഗ്രേഡ് ഓവർസീയർ ശ്രീ. വി.എ. ഷാനവാസിനേയും കടലുണ്ടി ഗ്രാമപഞ്ചായത്തിലെ രണ്ടാം ഗ്രേഡ് ഓവർസീയർ ശ്രീ. സി. സുലൈമാനെയും തദ്ദേശസ്വയം ഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും പൊതുമരാമത്ത് വകുപ്പിലേക്ക് പരാമർശ ഉത്തരവ് പ്രകാരം തിരിച്ചയച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. പൊതുമരാമത്ത്, ജലസേചനം എന്നീ വകുപ്പുകളിൽ നിന്നും ഓപ്ഷൻ മുഖേനയും നിർബന്ധപൂർവ്വവും അധിക ജീവനക്കാരെ തദ്ദേശസ്വയം ഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിലേക്ക് പുനർവിന്യസിച്ചത് തദ്ദേശസ്വയം ഭരണ വകുപ്പിലെ അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി പ്രസ്തുത വകുപ്പുകളുടെ അധികാരങ്ങളും ചുമതലകളും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലേക്ക് കൈമാറിയ സാഹചര്യത്തിലാണ് . എന്നാൽ, വകുപ്പിലെ സീനിയോറിറ്റിയോ, തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ അഭിപ്രായമോ മാനിക്കാതെയും വസ്തുതകൾ കൃത്യമായി വിലയിരുത്താതെയും പരാമർശ ഉത്തരവ് പുറപ്പെടുവിച്ചത് തെറ്റായ കീഴ് വഴക്കം സൃഷ്ടിക്കുകയും, സമാനമായ തിരിച്ചയയ്ക്കൽ ഉത്തരവ് നൽകണമെന്നാവശ്യപ്പെട്ട് പൊതുമരാമത്ത് വകുപ്പിൽ നിന്നും തദ്ദേശസ്വയം ഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിലേക്ക് പുനർവിന്യസിക്കപ്പെട്ട നിരവധി ഉദ്യോഗസ്ഥർ കോടതിയെ സമീപിക്കുകയുമുണ്ടായി. മേൽ ഉത്തരവിന് സമാനമായി ഇനിയും തിരിച്ചയയ്ക്കൽ ഉത്തരവ് നൽകുന്നപക്ഷം ആയത് തദ്ദേശസ്വയം ഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ജീവനക്കാരുടെ സീനിയോറിറ്റി, പ്രൊമോഷൻ, സർവ്വീസ് ആനുകൂല്യങ്ങൾ എന്നിവയെയും അതുവഴി വകുപ്പിന്റെ ഘടനാപരമായ കെട്ടുറപ്പിനെയും പ്രവർത്തനങ്ങളെയും പ്രതികൂലമായി ബാധിക്കുന്നതാണ്.

3. കൂടാതെ, പൊതുമരാമത്ത് വകുപ്പിലെ തസ്തികകൾ നിർത്തലാകുകയും സമാന തസ്തികകൾ തദ്ദേശസ്വയം ഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിൽ സൃഷ്ടിക്കുകയും ചെയ്തു. പുനർവിന്യാസ പ്രക്രിയ പൂർത്തീകരിച്ചുള്ളതിനാൽ, തദ്ദേശസ്വയം ഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിലേക്ക് സ്ഥിരമായി പുനർവിന്യസിക്കപ്പെട്ട ശ്രീ. വി.എ.ഷാനവാസ്, ശ്രീ. സി. സുലൈമാൻ എന്നിവരെ പൊതുമരാമത്ത് വകുപ്പിലേക്ക് തിരിച്ചയച്ചുകൊണ്ടുള്ള പരാമർശ ഉത്തരവ് നിലനിൽക്കുന്നത് സ്ഥിരമായി പുനർവിന്യസിക്കപ്പെട്ട ജീവനക്കാരുടെ സീനിയോറിറ്റിയെ ബാധിക്കുകയും കൂടാതെ സുപ്രീംകോടതിയിൽ സർക്കാരിനെതിരെ

നിലനിൽക്കുന്ന പുനർവിന്യാസുമായി ബന്ധപ്പെട്ട കോടതി കേസ്സുകളിൽ സർക്കാറിന് പ്രതികൂല വിധികൾ വരുകയും ചെയ്യും. മാത്രമല്ല, കോടതി ഉത്തരവുകൾ പാലിക്കുന്നതിന്റെ ഭാഗമായിട്ടല്ല പരാമർശിത ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് എന്നതിനാൽ ടി വിഷയത്തിൽ പുന:പരിശോധന നടത്തി പരാമർശ ഉത്തരവ് റദ്ദ് ചെയ്യേണ്ടതിന്റെ ആവശ്യകത, ഇക്കാര്യത്തിൽ ലഭ്യമായ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ, സർക്കാറിന് ബോധ്യപ്പെട്ടുകയുണ്ടായി.

4. മേൽ സാഹചര്യത്തിൽ, തദ്ദേശസ്വയം ഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഒന്നാം ഗ്രേഡ് ഓവർസീയർ ശ്രീ. വി.എ.ഷാനവാസ്, രണ്ടാം ഗ്രേഡ് ഓവർസീയർ ശ്രീ. സി. സുലൈമാൻ എന്നിവരെ പൊതുമരാമത്ത് വകുപ്പിൽ തിരികെ പ്രവേശിപ്പിച്ചുകൊണ്ടുള്ള പരാമർശ ഉത്തരവ് റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

5. പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ ടി ഉദ്യോഗസ്ഥരെ വകുപ്പിൽ നിന്നും ഉടനടി വിട്ടുതൽ ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ. ബി. അശോക്**
സെക്രട്ടറി

1 ശ്രീ. വി.എ. ഷാനവാസ്, ഒന്നാം ഗ്രേഡ് ഓവർസീയർ ( *പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ മുഖേന)*
2 ശ്രീ. സി. സുലൈമാൻ, രണ്ടാം ഗ്രേഡ് ഓവർസീയർ ( *പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ മുഖേന*)
3 ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
4 ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം.
5 അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം/തൃശ്ശൂർ
6 പൊതുമരാമത്ത് (ബി) വകുപ്പ്
7 എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
8 വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
9 കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.